പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1122

05/03/2020-ൽ
മറുപടിയ്ക്ക്

## സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി

| **ചോദ്യം**<br>**ശ്രീ.മഞ്ഞളാംകുഴി അലി** | | **മറുപടി**<br>**പ്രൊഫ.സി.രവീന്ദ്രനാഥ്**<br>**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുള്ള പെരിന്തൽമണ്ണ മോഡൽ എച്ച്.എസ്.എസ്. ന്റെയും ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുള്ള പുലാമന്തോൾ ഗവ: എച്ച്.എസ്.എസ്., കുന്നക്കാവ് ഗവ: എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓരോ പ്രവൃത്തിയും എത്ര ശതമാനം വീതം പൂർത്തിയാക്കാൻ ബാക്കിയുണ്ടെന്നും ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളതെന്നും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;<br><br>(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികൾക്ക് അടിയന്തര നിർദ്ദേശം നൽകുമോ? | (എ)<br>&<br>(ബി) | മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ ഉൾപ്പെട്ട പെരിന്തൽമണ്ണ മോഡൽ എച്ച്.എസ്.എസ്-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 50% പൂർത്തിയായി. നിലവിൽ കിച്ചൻ ബ്ലോക്കിന്റെയും. എച്ച്.എസ്.എസ് ബ്ലോക്കിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മെയ് മാസത്തോട്ട കൂടി പ്രവൃത്തികൾ പൂർത്തീകരിച്ച് സ്കൂൾ അധികൃതർക്ക് കൈമാറാനുള്ള അടിയന്തര നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് പുലാമന്തോൾ ജി.എച്ച്.എസ്.എസിൽ നിർമ്മാണ പ്രവർത്തനങ്ങൾ 20% പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ എച്ച്.എസ്.എസ് ബ്ലോക്ക് വെർട്ടിക്കൽ എക്സ്പാൻഷൻ വർക്കുകളാണ് നടന്നുകൊണ്ടിരിക്കുന്നത്. ജൂലൈ മാസത്തോടെ ഈ സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ജി.എച്ച്.എസ്.എസ് കുന്നംകാവ് സ്കൂളിൽ 25% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ക്ലാസ് റൂം ബ്ലോക്കിന്റെ പണികളാണ് നിലവിൽ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നത്. ജൂലൈ മാസത്തോടെ പണികൾ പൂർത്തീകരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

Namitha.P

**സെക്ഷൻ ഓഫീസർ**